## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3217 — 24.06.2013-ൽ മറുപടിയ്ക്ക്

### <u>പ്രധാനമന്ത്രി വിളിച്ചു ചേർത്ത മുഖ്യമന്ത്രിമാരുടെ യോഗങ്ങൾ</u>

| | ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം, പ്രധാനമന്ത്രി വിളിച്ചു ചേർത്ത മുഖ്യമന്ത്രിമാരുടെ എത്ര യോഗങ്ങളിലേക്ക് കേരളാ മുഖ്യമന്ത്രിയെ ക്ഷണിക്കുകയുണ്ടായി ; | (എ) | അഞ്ച്. |
| (ബി) | ഏതെല്ലാം ദിവസങ്ങളിലായിരുന്നു യോഗങ്ങൾ ; | (ബി) | 22.10.2011, 16.04.2012, 05.05.2012, 27.12.2012, 05.06.2013 തുടങ്ങിയ ദിവസങ്ങളിലായിരുന്നു യോഗങ്ങൾ. |
| (സി) | ഓരോ യോഗങ്ങളും ഏതു വിഷയത്തെ അധികരിച്ചുള്ളതായിരുന്നു; | (സി) | 22.10.2011, 27.12.2012 തീയതികളിൽ നാഷണൽ ഡെവലപ്മെന്റ് കൌൺസിൽ (എൻ.ഡി.സി) മീറ്റിംഗും, 16.04.2012, 05.06.2013 തീയതികളിൽ ഇന്റേണൽ സെക്യൂരിറ്റി മീറ്റിംഗും, 05.05.2012-ൽ നാഷണൽ കൌണ്ടർ ടെററിസം സെന്റർ (എൻ.സി.ടി.സി) മീറ്റിംഗും ആയിരുന്നു. |
| (ഡി) | ഏതെല്ലാം യോഗങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു പങ്കെടുക്കുകയുണ്ടായി ; | (ഡി) | 22.10.2011, 16.04.2012, 05.05.2012, 27.12.2012 തീയതികളിൽ നടന്ന വിവിധ യോഗങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു പങ്കെടുക്കുകയുണ്ടായി. |
| (ഇ) | ഏതെല്ലാം യോഗങ്ങളിൽ മുഖ്യമന്ത്രിക്കു പകരം പ്രതിനിധിയെ അയച്ചുവെന്നും അങ്ങനെ പോയത് ആരായിരുന്നുവെന്നും വ്യക്തമാക്കുമോ ; | (ഇ) | 05.06.2013-ൽ നടന്ന ഇന്റേണൽ സെക്യൂരിറ്റി മീറ്റിംഗിൽ മുഖ്യമന്ത്രിയുടെ പ്രതിനിധിയായി ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പങ്കെടുക്കുകയുണ്ടായി. |
| (എഫ്) | ഏതെങ്കിലും യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രിയോ മന്ത്രിമാരോ പങ്കെടുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ ? | (എഫ്) | ഇല്ല. |

സെക്ഷൻ ഓഫീസർ